**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 69** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>സമഗ്ര വനം-വന്യജീവി നയം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. സുധീർഷാ പാലോട്

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. ജ്യോതികുമാർ ചാമക്കാല

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു ബേബി ജോൺ

(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിന് സമഗ്ര വനം-വന്യജീവി നയം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട് .

വനസംരക്ഷണം, ജനപങ്കാളിത്തം, ആധുനിക സാങ്കേതികവിദ്യ എന്നിവ ഏകോപിപ്പിച്ച് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് ഒരു ദീർഘകാല നയരേഖയായ "Vision 2031" തയ്യാറാക്കിയിട്ടുള്ളതാണ്.

മൃഗങ്ങൾ ജനവാസ മേഖലകളിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി വന്യമൃഗങ്ങളെ കാട്ടിനുള്ളിൽത്തന്നെ നിലനിർത്തുക ( Containment), മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ തീവ്രത ലഘൂകരിക്കുക (Mitigation) എന്നി വയ്ക്കാണ് സർക്കാർ മുൻഗണന നൽകുന്നത്. എന്നാൽ, ഈ മുൻ കരുതൽ നടപടികൾക്ക് ശേഷവും വനാതിർത്തി ലംഘിച്ചുണ്ടാകുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങൾ മൂലം നാശനഷ്ടം സംഭവിക്കുന്ന പക്ഷം, അർഹമായ ധനസഹായം സമയബന്ധിതമായി ലഭ്യമാക്കുന്നതിനായുള്ള നടപടികളും സ്വീകരിക്കുന്നതാണ്. Containment & Mitigation ന്റെ ഭാഗമായി വനത്തിനുള്ളിൽ ഭക്ഷണ-ജല ലഭ്യത കൂട്ടുക, സൗരോർജ്ജവേലികൾ സ്ഥാപിക്കുക , AI, ഡ്രോൺ എന്നീ ആധുനിക സാങ്കേതിക വിദ്യകളിലൂടെ തത് സമയ മുന്നറിയിപ്പ് നൽകുക, ദ്രുത പ്രതികരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക തുടങ്ങിയ സമഗ്ര പരിപാടികൾ വിഭാവനം ചെയ്യുന്നു. മനുഷ്യ-വന്യജീവി സംഘർഷത്തെ തുടർന്നുണ്ടാകുന്ന മരണങ്ങൾ , പരിക്കുകൾ, കൃഷിനാശം എന്നിവയ്ക്ക് വേഗത്തിലുള്ള നഷ്ടപരിഹാരവും ഇൻഷുറൻസ് പരിരക്ഷയും ഉറപ്പാക്കുന്നതിനുള്ള നടപടികളും Vision 2031-ൽ വിഭാവനം ചെയ്തിട്ടുണ്ട് .

**(ബി)** സംസ്ഥാനത്തെ വനമേഖലയിലെ വന്യജീവികളുടെ വർദ്ധനവിന്റെ കണക്കെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

**<u>മറുപടി:</u>** ഉണ്ട് . ദേശീയ തലത്തിൽ പ്രാഗത്ഭ്യമുള്ള ശാസ്ത്ര സ്ഥാപനമായ ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെട്ട് വന്യജീവി സംബന്ധമായ വാഹക ശേഷി പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

**(സി)** വന്യജീവി ആക്രമണം നേരിടുന്ന പ്രദേശങ്ങളിലുള്ളവർക്കും മലയോരമേഖലയിലെ കർഷകർക്കും പ്രത്യേക ഇൻഷുറൻസ് പദ്ധതി നടപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** വന്യജീവി സംഘർഷം നേരിടുന്ന പ്രദേശങ്ങളിലെ ജനങ്ങൾക്കൊപ്പം കർഷകർക്കും സമയബന്ധിത സഹായത്തിനായി ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ട്.

**സെക്ഷൻ ഓഫീസർ**